**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2862** **13-02-2024 - ൽ മറുപടിയ്ക്ക്**

**നവകേരളീയം ഒറ്റതവണ തീർപ്പാക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സ്ഥാപനങ്ങളിലെ വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിന് ആരംഭിച്ച നവകേരളീയം ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി നടപ്പുസാമ്പത്തിക വർഷത്തിന്റെ അവസാനം വരെ ദീർഘിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെയും, രണ്ടാം ഘട്ടം 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെയും നടപ്പിലാക്കി. ടി പദ്ധതി കേരള ബാങ്കിന് 2024 മാർച്ച് 31 വരെ തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മറ്റു സഹകരണ സ്ഥാപനങ്ങളിൽ നടപ്പു സാമ്പത്തിക വർഷത്തിന്റെ അവസാനം വരെ പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. |
| (ബി) | കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമാണോ; വ്യക്തമാക്കാമോ? | (ബി) | കേരള സഹകരണ നിയമം വകുപ്പ് 66 (A), 74 (F) എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് “നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" നടപ്പിലാക്കുന്നത്. നിലവിലുണ്ടായിരുന്ന നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ സഹകരണ വകുപ്പിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ